211 DDFS NO: 1058/2018
16/01/2018

കേരള സർക്കാർ

<u>സംഗ്രഹം</u>

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്- പൊതുമേഖലാ സ്ഥാപനങ്ങൾ -വിവിധ കമ്പനി/കോർപ്പറേഷൻ/ ബോർഡുകളിലെ ഡ്രൈവർ തസ്തിക പുനർ നാമകരണം ചെയ്തും, 14/09/15 ലെ സ ഉ( എം.എസ്) 37/15/പ്ലാനിംഗ് ഉത്തരവ് പരിഷ്കരിച്ചും ഉത്തരവാകുന്നു

ആസൂത്രണ സാമ്പത്തികകാര്യ (ബി പി ഇ) വകുപ്പ്

സ ഉ (എം.എസ്) 14/2017/പ്ലാനിംഗ്　　　　തിരുവനന്തപുരം, തീയതി 20.03.2017

<u>പരാമർശം</u> :-1) സ ഉ (എം.എസ്) 37/2015/പ്ലാനിംഗ് തീയതി 14/9/2015.
2) സ ഉ (എം.എസ്) 29/2015 ഉഭപവ തീയതി 19/11/2015.
3) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 06/04/16 -ലെ A III(3)2461/12/CW നമ്പർ കത്ത്.
4) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 08/06/16-ലെ A III(3)1095/16/CW നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം (1) പ്രകാരം കെ എസ് ആർ ടി സി ഒഴികെയുള്ള വിവിധ കമ്പനി/കോർപ്പറേഷൻ/ബോർഡുകളിലെ ഡ്രൈവർ (എൽ ഡി വി/ എച്ച് ഡി വി) തസ്തികയുടെ യോഗ്യതകൾ സംസ്ഥാന സർക്കാർ സർവ്വീസിലെ എൻ സി സി, ടൂറിസം, പോലീസ്, എക്സൈസ്, സൈനിക ക്ഷേമം, വനം എന്നിവ ഒഴികെയുള്ള വിവിധ വകുപ്പുകളിലെ ഡ്രൈവർ (എൽ ഡി വി/ എച്ച് ഡി വി)തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾക്ക് തുല്യമായി ഏകീകരിച്ച് ഉത്തരവായിരുന്നു. അതോടൊപ്പം എല്ലാ കമ്പനി/ കോർപ്പറേഷൻ ബോർഡുകളുടെയും നിയമന ചട്ടങ്ങളിൽ ഇപ്രകാരം ഭേദഗതി വരുത്തേണ്ടതും എല്ലാ ഭരണ വകുപ്പുകളും ഇക്കാര്യം ഉറപ്പ് വരുത്തേണ്ടതുമാണ് എന്നും നിഷ്കർഷിച്ചിരുന്നു. എന്നാൽ ഒരു തസ്തികയ്ക്കായി നിഷ്കർഷിക്കപ്പെടുന്ന യോഗ്യതകൾ ബന്ധപ്പെട്ട ചട്ടങ്ങളിൽ പരാമർശിക്കുന്നതിന് പകരം കൃത്യമായി നിർവ്വചിക്കപ്പെടുന്നത് ഉചിതമായിരിക്കുമെന്നും ആയതിനാൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഡ്രൈവർമാരുടെ യോഗ്യത ഉൾപ്പെടുത്തി ഒരു പൊതു ഉത്തരവ് പുറപ്പെടുവിക്കണമെന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി പരാമർശം (3) മുഖേന സർക്കാരിനോട് ശിപാർശ ചെയ്യുകയുണ്ടായി.

[illegible] സ്പെഷ്യൽ റൂൾസിൽ ഉൾപ്പെട്ട ഡ്രൈവർ (Medium /Heavy Passenger/Goods vehicle), ഡ്രൈവർ (Light Motor Vehicle) എന്നിവ യഥാക്രമം ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (Medium /Heavy Passenger/Goods vehicle), ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (Light Motor Vehicle) എന്നിങ്ങനെ പുനർ നാമകരണം ചെയ്ത് ഉത്തരവായിട്ടുണ്ട്. ഇപ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ ഡ്രൈവർ തസ്തിക പുനർ നാമകരണം ചെയ്യുന്നതിനായി ഒരു പൊതു ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാനുള്ള നിർദ്ദേശം കമ്മീഷന്റെ ഉപദേശത്തിനായി സമർപ്പിക്കേണ്ടതാണെന്ന് പരാമർശം (4) മുഖേന കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി അറിയിച്ചു.

3) സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. പബ്ലിക് സർവ്വീസ് കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം, കെ.എസ് ആർ റ്റി സി ഒഴികെയുള്ള വിവിധ കമ്പനി/ബോർഡ് /കോർപ്പറേഷൻ എന്നിവയിലെ ഡ്രൈവർ (Medium /Heavy Passenger/Goods vehicle), ഡ്രൈവർ (Light Motor Vehicle) എന്നിവ യഥാക്രമം ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (Medium /Heavy Passenger/Goods vehicle), ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (Light Motor Vehicle) എന്ന് പുനർനാമകരണം ചെയ്ത് കൊണ്ടും ഈ തസ്തികകളുടെ യോഗ്യത താഴെ പറയും പ്രകാരം നിശ്ചയിച്ചുകൊണ്ടും ഉത്തരവാകുന്നു.

<u>ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ്</u> (Light Motor Vehicle)

1) A pass in Standard VII or Equivalent qualification

2) Must possess a current, Motor Driving Licence of three years standing to drive Light Motor Vehicles with Drivers Badge

3) Medical Fitness: Should be medically fit as per the standards specified below:

(i) Ear : -Hearing should be perfect

(ii) Eye:-

Distant vision :- 6/6snellen

Near Vision :- 0.5 snellen

Colour Vision : Normal

Night Blindness: Nil

(iii) Muscles and Joints :- No Paralysis and all joints with free movements

(iv) Nervous System:- Perfectly normal, free from any infectious diseases.

Notes:-

1) Driving Licence shall be valid not only at the time of application but also at each stage of selection

2) Proficiency in driving Light Motor vehicles is to be proved by a practical test conducted by the KPSC during the course of selection.

3) Medical fitness shall be proved by a proper Medical Certificate obtained from a Medical Officer not below the rank of an Assistant Surgeon.

4) Physically Handicapped persons are not eligible to apply for the post.

[illegible] (Medium /Heavy Passenger/Goods vehicle)

1) A pass in standard VII or equivalent qualification.

2) Must possess current Motor Driving Licence to drive Light Motor Vehicles and Heavy Motor vehicles with Driver's Badge. Heavy Motor Vehicle Driving Licence shall be of at least 3 years standing and in the case of Driving Licence issued after 16.01.1979 separate endorsement to drive Heavy duty Goods Vehicles and Heavy Duty Passenger Vehicles.

3) Medical Fitness: Should be medically fit as per the standards specified below:-

(I) Ear:- Hearing should be perfect

(ii) Eye :-

Distant vision :- 6/6 snellen

Near vision :- 0.5 snellen

Colour Vision : Normal

Night Blindness: Nil .

(iii) Muscles and Joints :- No Paralysis and all joints with free movements

(iv) Nervous System:- Perfectly normal, free from any infectious diseases.

... in driving heavy duty vehicles is to be proved by a practical test conducted by the KPSC during the course of selection.

3) Medical fitness shall be proved by a proper Medical Certificate obtained from a Medical Officer not below the rank of an Assistant Surgeon.

4) Physically Handicapped persons are not eligible to apply for the post.

4) ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയിലുള്ള ഉദ്യോഗസ്ഥർ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിക്ഷിപ്തമായ ചുമതലകൂടി നിർവ്വഹിക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്. എന്നാൽ നിലവിലെ ശമ്പള സ്കെയിൽ മറ്റ് അലവൻസുകൾ എന്നിവയിൽ മാറ്റമൊന്നും ഉണ്ടായിരിക്കുന്നതല്ല.

5) ഈ ഉത്തരവ് തീയതിക്കുശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾക്ക് മാത്രമെ ഈ ഉത്തരവ് ബാധകമായിരിക്കുകയുള്ളൂ. എല്ലാ കമ്പനി /ബോർഡ്/ കോർപ്പറേഷനുകളുടെ നിയമന ചട്ടങ്ങളിൽ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടി, ഇപ്രകാരം ഭേദഗതി വരുത്തേണ്ടതും ഇക്കാര്യം ബന്ധപ്പെട്ട എല്ലാ ഭരണ വകുപ്പുകളും ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വി.എസ്. സെന്തിൽ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ കമ്പനി/ബോർഡ് /കോർപ്പറേഷനുകൾക്കും(ഭരണ വകുപ്പുകൾ മുഖാന്തിരം)
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും /പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും
സെക്രട്ടറി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ( ആമുഖ കത്ത് സഹിതം)

 219

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ ) വകുപ്പ്
(സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Endorsement on file no: A III (3) 2461/12/CW dtd 26/5/17

Copy of this G.O. forwarded to CR I, CR II, LR I, LR II, RA, A VIII, and stock file

26.5.17

For Secretary
KPSC.

26/5/17